# മൂന്നു മഹാരഥന്മാർ

ഇക്കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിൽ ഇൻഡ്യയിലെ മാർതോമാ നസ്രാണികളുടെ ഇടയിൽ അതിശ്രേഷ്ഠരും പ്രഗത്ഭരുമായ മൂന്നു മഹാരഥന്മാർ ജീവിച്ചിരുന്നു. അവർ മൂവരും സഭൈക്യത്തിൽ അതീവതൽപ്പരർ ആയിരുന്നു. അവരെപ്പറ്റിയുള്ള ലഘുവിവരണമാണിത്. പ്രഗത്ഭരായ മറ്റനേകർ ഈ സഭയിലും സമുദായത്തിലും ഉണ്ടായിരുന്നു എന്ന കാര്യം മറന്നുകൊണ്ടല്ല ഇവരെപ്പറ്റി പരാമർശിക്കുന്നത്. സഭൈക്യരംഗത്തെ ഇവരുടെ സംഭാവനകളാണ് ഇവിടെ പരിഗണിക്കുന്നത്.

## 1. മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്താ (1782–1786)

പഴയകൂറ്റിൽ ആലങ്ങാട്ട് ഇടവകയിൽ കരിയാറ്റി കുടുംബത്തിൽ പെട്ട ആളായിരുന്നു ജോസഫ്. അദ്ദേഹം റോമിലെ പ്രൊപ്പഗാന്താ കോളേജിൽ പഠിച്ച്, തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റ് സമ്പാദിച്ചു. സുറിയാനിക്കാരുടെ ഇടയിൽ നിന്ന് ഇപ്രകാരം ഉന്നതവിജയം കരസ്ഥമക്കിയ ആദ്യത്തേ ആളാണ് ജോസഫ് കരിയാറ്റി. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം വൈദികാർഥികളെ പഠിപ്പിക്കുന്ന മൽപ്പാനായി. തുടർന്ന് കരിയാറ്റി മൽപ്പാൻ എന്ന് അദ്ദേഹം അറിയപ്പെട്ടു.

നസ്രാണി സമുദായം പുത്തൻകൂറെന്നും പഴയകൂറെന്നും ഭിന്നിച്ചുനിൽക്കുന്നതിൽ അതിയായി മനം നൊന്ത വലിയ സഭാസ്നേഹിയായിരുന്നു കരിയാറ്റി മൽപ്പാൻ. അക്കാലത്ത് പുത്തൻകൂറ്റിലെ മെത്രാനായിരുന്നത് വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെടുന്ന ആറാം മാർതോമാ (1761–1808). ആയിരുന്നു. കൂനൻ കുരിശു സത്യത്തിനുശേഷം വിവിധ തട്ടുകളിൽ അകപ്പെട്ടുപോയ നസ്രാണിസമുദായത്തിന്റെ പുനരൈക്യത്തിന് ഈ രണ്ടു മഹാത്മാക്കളും വളരെയധികം ആഗ്രഹിക്കുകയും അധ്വാനിക്കുകയും ചെയ്തു. പഴയകൂറ്റുകാർ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴിലായിരുന്നു. പുത്തൻകൂറ്റുകാർ അക്കാലത്ത് യാക്കോബായാ സ്വാധീനത്തിൽ ഗണ്യമായി വന്നിരുന്നുമില്ല. പഴയകൂറ്റിലെ 72 പള്ളിക്കാരുടെ കത്തും മാർ ദിവന്നാസ്യോസിന്റെ കത്തും കൊണ്ട് കരിയാറ്റി മൽപ്പാൻ സഹപ്രവർത്തകനായ പാറേമ്മാക്കൽ തോമ്മാക്കത്തനാരോടുകൂടെ റോമിലും പോർട്ടുഗലിലും പോയി സമുദായത്തിന്റെ പുനരൈക്യത്തിനുവേണ്ടി അധികാരികളെ സമീപിച്ചു.

അന്നത്തെ കാലത്ത് പോർട്ടുഗീസുകാരുടെ കപ്പലിൽ ആഫ്രിക്ക ചുറ്റി, ബ്രസീലിൽ ചെന്നിട്ട്, അവിടെ നിന്നു വേണം പോർട്ടുഗലിൽ എത്താൻ. വളരെ ക്ലേശഭൂയിഷ്ടമായ യാത്ര ചെയ്ത് വർഷങ്ങൾ എടുത്ത് കരിയാറ്റി മൽപ്പാൻ പോയ കാര്യം സാധിച്ചു. അതേപ്പറ്റി വളരെ വിശദമായി വർത്തമാനപ്പുസ്തകം എന്ന യാത്രാവിവരണത്തിൽ പാറേമ്മാക്കൽ കത്തനാർ കൊടുത്തിട്ടുണ്ട്. ആദ്യം ലിസ്ബണിലും പിന്നെ റോമിലും തിരികെ ലിസ്ബണിലും എത്തിയാണ് മൽപ്പാൻ കാര്യം സാധിച്ചത്. മിഷണറിമാരുടെ പ്രതികൂല മനോഭാവം മൂലം റോമിൽ നിന്ന് വളരെ തണുത്ത പ്രതികരണമാണ് ആദ്യമുണ്ടായത്. എന്നാൽ പോർട്ടുഗലിലെ ഉദ്യോഗസ്ഥന്മാരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അവരെ സ്വാധീനിക്കാൻ കരിയാറ്റി മൽപ്പാനു കഴിഞ്ഞു. പോർട്ടുഗീസ് സർക്കാരിന് അക്കാലത്ത് റോമിലുണ്ടായിരുന്ന സ്വാധീനം കൊണ്ട് കരിയാറ്റി മൽപ്പാനെ പാദ്രവാദോയുടെ കീഴിൽ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്താ ആക്കാനും മാർ ദിവന്നാസ്യോസിനെ തിരികെ സഭയിൽ എടുക്കാനും നസ്രാണിസമുദായത്തിൽ ഐക്യം ഉണ്ടാക്കാനുമുള്ള അനുവാദം കരിയാറ്റി സമ്പാദിച്ചു. ലിസ്ബണിൽവച്ച് 1782-ൽ കരിയാറ്റി മൽപ്പാൻ മെത്രാനായി അഭിഷിക്തനായി. ഇതിനിടെ കുറേ വർഷങ്ങൾ കടന്നുപോയി.

പോർട്ടുഗീസ് കപ്പലിൽ ഗോവായിലെത്തിയ കരിയാറ്റി ജോസഫ് മെത്രാപ്പോലീത്താ നാട്ടിലെത്തുന്നതിനുമുമ്പ് ഗോവായിൽവച്ച് 1786-ൽ മരണമടഞ്ഞു. അവിടെത്തന്നെ കബറടക്കി. ഈയടുത്ത കാലത്താണ് അദ്ദേഹത്തിന്റെ കബറിടം കണ്ടെത്തിയതും ഭൗതികാവശിഷ്ടം ആലങ്ങാട്ടു കൊണ്ടുവന്ന് കബറടക്കിയതും. ഫലപ്രാപ്തിയിൽ എത്താതെ ആ പുനരൈക്യം അങ്ങനെ നാമ്പടഞ്ഞുപോയി. അതിനുവേണ്ടി കരിയാറ്റി മൽപ്പാൻ സഹിച്ച കഷ്ടപ്പാടുകൾ വിവരണാതീതമാണ്. എന്നാൽ പോയ കാര്യം സാധിച്ചെടുത്താണ് അദ്ദേഹം ഗോവാ വരെ എത്തിയത്. ഭാരതസഭയിലെ ഐക്യസംരംഭങ്ങളിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒന്നാണ് മാർ ജോസഫ് കരിയാറ്റിയുടെയും മാർ ദിവന്നാസ്യോസിന്റെയും സഭൈക്യപ്രവർത്തനങ്ങൾ. ഭാരതസുറിയാനി സഭയിലെ സഭൈക്യരംഗത്തെ മഹാരഥന്മാരുടെ കൂട്ടത്തിൽ ഇവർ മുൻപന്തിയിൽ നിൽക്കുന്നു. മങ്ങിക്കെട്ടുപോയ പുനരൈക്യത്തിന്റെ മാപ്പുസാക്ഷികളായിരുന്നു അവരിരുവരും. എക്യൂമെനിസ ചരിത്രത്തിൽ ഇവരിരുവരും എന്നും ഓർമിക്കപ്പെടും.

## 2. പുലിക്കോട്ടിൽ മാർ ജോസഫ് ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (1865–1909)

സഭൈക്യത്തിനുവേണ്ടി വളരെയധികം ആഗ്രഹിക്കുകയും തന്നാൽ ആവുംവിധം അതിനായി കഠിനമായി അധ്വാനിക്കുകയും ചെയ്ത ഒരു വലിയ സഭാസ്നേഹിയായിരുന്നു മാർ ദിവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്താ. ഒരു വശത്ത് മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുമായുള്ള അധികാര വടംവലി. മറുവശത്ത് അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് പത്രോസ് മൂന്നാമന്റെ കടന്നുകയറ്റം. ഇതിനിടയിൽ കിടന്ന് ഞെരിഞ്ഞുകൊണ്ടിരുന്നപ്പോൾ പുത്തൻകൂറ്റുകാരുടെ പുനരൈക്യം സംബന്ധിച്ച് പഴയകൂറ്റിലെ മാണിക്കത്തനാരുമൊത്ത് ബഹുദൂരം സഞ്ചരിച്ച ആളാണ് അദ്ദേഹം. ഊട്ടിയിൽ താമസിച്ചിരുന്ന പേപ്പൽ പ്രതിനിധി അയൂത്തിയെ പോയിക്കണ്ട് തന്റെ ആത്മാർഥത ബോധ്യപ്പെടുത്തി. അതുപോലെ അയൂത്തി കോട്ടയത്തു വന്നപ്പോൾ അദ്ദേഹത്തെ പോയി കാണുകയും സഭൈക്യകാര്യം ചർച്ച ചെയ്യുകയും ചെയ്തു. അതുപോലെ വരാപ്പുഴ വികാരി അപ്പസ്തോലിക്കായെയും സമീപിച്ച്, തന്റെ താൽപ്പര്യം അവരെ ബോധ്യപ്പെടുത്തി. അതിന്റെ വെളിച്ചത്തിൽ അവരൊക്കെ മാർ ദിവന്നാസ്യോസിന്റെ താൽപര്യം കൂടെക്കൂടെ റോമിൽ എഴുതി അറിയിച്ചുകൊണ്ടിരുന്നു.

നസ്രാണിജാത്യൈകസംഘം എന്ന പേരിൽ ഒരു സംഘടന റജിസ്റ്റർ ചെയ്ത് പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും ഒന്നിച്ചു പ്രവർത്തിക്കാൻ വേദിയൊരുക്കി. സഭകളുടെ മേലേക്കിടയിൽ മാത്രമല്ല, ജനങ്ങളുടെ ഇടയിലും സഹകരണവും ധാരണയും വർധിച്ചെങ്കിലേ സഭൈക്യം സുസാധമാകൂ എന്ന് അവരിരുവരും നന്നായി മനസ്സിലാക്കി. അതിനുള്ള പദ്ധതികളാണ് അവരിരുവരും കൂടി ആവിഷ്കരിച്ചത്. ഇക്കാര്യം സംബന്ധിച്ച് മാർ ദിവന്നാസ്യോസ് മാർപാപ്പായ്ക്ക് എഴുതി. അദ്ദേഹത്തിന്റെ നിരന്തരമായ അഭ്യർഥന മാനിച്ച് മിഷണറിമാരും അപ്പസ്തോലിക് ഡലഗേറ്റും റോമിൽ ഈ കാര്യം ധരിപ്പിക്കുകയും കർദിനാൾ സംഘം ഇക്കാര്യം ചർച്ച ചെയ്ത് അനുകൂല തീരുമാനം എടുക്കുകയും ചെയ്തു എന്ന് രേഖകൾ വെളിപ്പെടുത്തുന്നു. എന്നാൽ എന്തുകൊണ്ടോ പുനരൈക്യം യാഥാർഥ്യമായില്ല.

പോർട്ടുഗീസുകാരെപ്പോലെ തന്നെ ഇവിടെ യാതൊരധികാരവും ഇല്ലാതിരുന്ന അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽ പോയി മെത്രാനായി വന്ന മാത്യൂസ് മാർ അത്തനാസ്യോസ് പ്രഗത്ഭനായ സഭാനേതാവും സാമുഹ്യപരിഷ്കർത്താവും നവീകരണകാംക്ഷിയും ആയിരുന്നു. എന്നാൽ സഭാനവീകരണം പ്രോട്ടസ്റ്റന്റിസത്തിന്റെ വെളിച്ചത്തിൽ ആയിരുന്നു എന്നു മാത്രം.1842-ൽ ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം സ്വീകരിച്ച് 1843-ൽ അദ്ദേഹം നാട്ടിലെത്തി. അന്ന് സമുദായത്തെ ഭരിച്ചുകൊണ്ടിരുന്ന ചേപ്പാട്ട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് സഭാഭരണം പിടിച്ചെടുത്ത് പുത്തൻകൂർ സമുദായത്തെ പ്രോട്ടസ്റ്റന്റിസത്തിലേക്ക് അദ്ദേഹം തിരിച്ചുവിട്ടു. 1853 മുതൽ 1877 വരെ പുത്തൻകൂർ സഭയെ നയിച്ചു. പുത്തൻകൂറ്റിലെ കുറേ ജനങ്ങളെ പ്രോട്ടസ്റ്റന്റ് ചിന്താഗതിയിൽ അദ്ദേഹം കൊണ്ടുചെന്നെത്തിച്ചു.

ഇതിനെ നേരിടാനാണ് പുലിക്കോട്ടിൽ ജോസഫ് കത്തനാർ 1864-ൽ മർദീനിൽ പോയി യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിൽ നിന്ന് മെത്രാൻപട്ടം സ്വീകരിച്ചത്. മാർ ദിവന്നാസ്യോസ് എന്ന പേരിൽ അദ്ദേഹം 1865-ൽ തിരികെയെത്തി, പുത്തൻകൂർ സമുദായത്തെ പുരാതന വിശ്വാസ ലൈനിൽ മുമ്പോട്ട് നയിക്കാൻ ശ്രമിച്ചു. മാത്യൂസ് മാർ അത്തനാസ്യോസിനെ നീക്കിക്കിട്ടാൻ, മാർ ദിവന്നാസ്യോസ് യാക്കോബായാ പാത്രിയർക്കീസിനെ തന്നെ ആശ്രയിച്ചു. യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിന്റെ പിൻഗാമിയായ പത്രോസ് മൂന്നാമൻ പാത്രിയർക്കീസിനെ 1875-ൽ അദ്ദേഹം ഇവിടെ വരുത്തി. നാട്ടിലെത്തിയ പാത്രിയർക്കീസ് 1875-ൽ മുളന്തുരുത്തിയിൽ വച്ച് പുത്തൻകൂർ സമുദായത്തിന്റെ ഒരു സഭായോഗം വിളിച്ചുകൂട്ടി, ഈ സഭയെ യാക്കോബായാ സഭയുടെ ഭാഗമാക്കുകയും തന്റെ കീഴിലാക്കുകയും ചെയ്തു. സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും ഉണ്ടാക്കി, മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം കുറച്ചു. സഭയെ ഏഴ് ഭദ്രാസനങ്ങളായി തിരിച്ചു. മെത്രാന്മാരിൽ നിന്നും പള്ളികളിൽ നിന്നും സർവാധികാരങ്ങളും എഴുതിവാങ്ങി.

പശ്ചിമേഷ്യയിൽ നിർത്തലാക്കിയ മഫ്രിയാനേറ്റ് മലങ്കരയിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഇക്കാലത്ത് കോനാട്ടു മൽപ്പാൻ പാത്രിയർക്കീസിന് എഴുതിയെങ്കിലും വളരെ നിഷേധാത്മകമായ മറുപടിയാണ് അവിടെ നിന്ന് ലഭിച്ചത്. മാർ ദിവന്നാസ്യോസ് 1879–1889 കാലയളവിൽ മാത്യൂസ് മാർ അത്തനാസ്യോസിന്റെ അനുയായികളുമായി കേസു പറഞ്ഞു. ഇക്കാലത്താണ് സഭൈക്യചർച്ചകൾ സജീവമായതും മാർ ദിവന്നാസ്യോസ് റോമിലേക്ക് എഴുതിയതും.

ചേപ്പാട്ട് മാർ ദിവന്നാസ്യോസിനെതിരെ മാത്യൂസ് മാർ അത്തനാസ്യോസ് നടത്തിയതാണ് പുത്തൻകൂർ സമുദായത്തിൽ അറിയപ്പെടുന്ന ആദ്യത്തെ കേസ് (1843-1853). അതിന്റെ തീർപ്പ് കൊല്ലം പഞ്ചായവിധി അഥവാ കൊല്ലം കമ്മറ്റിവിധി എന്നറിയപ്പെടുന്നു. രണ്ടാമത്തേതാണ് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് നടത്തിയ കേസ്. അത് സെമിനരിക്കേസ് എന്ന് അറിയപ്പെടുന്നു.

അന്നത്തെ കാലത്ത് മർദീനിൽ പോയി യാക്കോബായാ പാത്രിയർക്കീസിനെ ബോധ്യപ്പെടുത്തി മെത്രാന്മാരായ മാർ അത്തനാസ്യോസും മാർ ദിവന്നാസ്യോസും പ്രശംസാർഹരാണ്. അത്രമാത്രം ക്ലേശഭൂയിഷ്ഠമായിരുന്നു കേരളത്തിൽ നിന്ന് മർദീനിലേക്കുള്ള യാത്ര. ഇന്നും അവിടെയെത്തുക ദുഷ്കരമാണ്. ആ യാത്രയുടെ നേട്ടം ഉണ്ടാക്കിയത് യാക്കോബായാ പാത്രിയർക്കീസാണ്, കോട്ടമുണ്ടായത് നസ്രാണിസമൂഹത്തിനും. പോർട്ടുഗീസുകാരെപ്പോലെ, ഈ അതിപുരാതനസഭയിൽ യാതൊരധികാരവുമില്ലാതിരുന്നവർ ഇവിടെ സർവാധികാരികളായി. ഒരുപക്ഷേ ഈ സഭയിൽ പുരാതന വിശ്വാസം നിലനിർത്താൻ മാർ ദിവന്നാസ്യോസിന് പാത്രിയർക്കീസിനെ ആശ്രയിക്കുക എന്ന പോംവഴിയേ ഉണ്ടായിരുന്നുള്ളു.

മാത്യൂസ് മാർ അത്തനാസ്യോസ് "നന്മ നിറഞ്ഞ മറിയമേ' എന്നു തുടങ്ങുന്ന പ്രാർഥനയും കൊന്തനമസ്കാരവും പുത്തൻകൂറ്റിൽ നിർത്തലാക്കി. അദ്ദേഹത്തിന്റെ അനുയായികൾ ഇപ്പോൾ ഇവ രണ്ടും ഉപേക്ഷിച്ചിരിക്കുന്നു. യാക്കോബായാസഭ കൊന്തനമസ്കാരം ഇപ്പോൾ ചൊല്ലുന്നില്ല, എന്നാൽ "നന്മനിറഞ്ഞ മറിയമേ" എന്ന പ്രാർഥന ചൊല്ലുന്നു. മാത്യൂസ് മാർ അത്തനാസ്യോസ് സഭാഭരണം ഏറ്റെടുത്തതു മുതലാണ് യാക്കോബായാ സഭയിൽ കൊന്തനമസ്കാരം നിർത്തലാക്കിയത്. മാർ ദിവന്നാസ്യോസ് പരിശുദ്ധ കന്യകാമറിയത്തെ "തമ്പുരാനെ പെറ്റ അമ്മച്ചീ" എന്ന് വിളിച്ചിരുന്നു. ബഥനിയുടെ മാർ ഈവാനിയോസിന് ഈ പ്രയോഗം മാർ ദിവന്നാസ്യോസിൽ നിന്നാണ് കിട്ടിയത്.

പ്രഗത്ഭനായ വട്ടശ്ശേരിൽ മൽപ്പാനെ മാർ ദിവന്നാസ്യോസ് 1908-ൽ മർദീനിൽ അയച്ച് പാത്രിയർക്കീസിനെ കൊണ്ട് മെത്രാനാക്കി. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ സഭൈക്യസംരംഭങ്ങൾ വട്ടശ്ശേരിൽ തിരുമേനിക്കും അറിയാമായിരുന്നു എന്നത് നിസ്തർക്കമാണ്. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും സഭൈക്യകാര്യങ്ങളിൽ തൽപ്പരൻ ആയിരുന്നു. പുലിക്കോട്ടിൽ തിരുമേനിക്ക് സെമിനരിക്കേസിന്റെ പശ്ചാത്തലവും വട്ടശ്ശേരിൽ തിരുമേനിക്ക് വട്ടിപ്പണക്കേസിന്റെ പശ്ചാത്തലവും ഉണ്ടായിരുന്നു എന്നു മാത്രം. 1913 -ലാണ് വട്ടിപ്പണക്കേസ് തുടങ്ങുന്നത്. പുലിക്കോട്ടിൽ തിരുമേനിയും വട്ടശ്ശേരിൽ തിരുമെനിയും സഭൈക്യത്തിന് തൽപ്പരർ ആയിരുന്നെങ്കിലും ഈ ഐക്യത്തിലേക്ക് കടക്കാൻ അവർക്ക് കഴിഞ്ഞില്ല. സഭൈക്യം യാഥാർഥ്യമാകാഞ്ഞതിൽ പുലിക്കോട്ടിൽ തിരുമേനിക്ക് അഗാധദുഃഖം ഉണ്ടായിരുന്നതായി രേഖകൾ സാക്ഷിക്കുന്നു. മാത്യൂസ് മാർ അത്തനാസ്യോസിന്റെ കൂടെ കൂടിയവർ പ്രോട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച ഒരു വ്യത്യസ്ത സഭയായി മാറി. അവർ അന്ത്യോക്യൻ ലിറ്റർജിയുടെ ബാഹ്യരൂപം നിലനിർത്തി. അതിന്റെ ആന്തരികചൈതന്യം ആംഗ്ലിക്കനിസത്തിൽ നിന്ന് സ്വാംശീകരിച്ചു.

## 3. ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (+1953)

വട്ടശ്ശേരിൽ മാർ ദിന്നാസ്യോസിന്റെ നേതൃത്വത്തിലുള്ള മെത്രാൻ കക്ഷിയിൽ പെട്ട ആളായിരുന്നു ബഥനിയുടെ മാർ ഈവാനിയോസ്. വട്ടശ്ശേരിൽ തിരുമേനിയുടെ സമ്മതത്തോടെയും അനുവാദത്തോടെയും സ്വതന്ത്രസ്ഥാപനങ്ങളായി ബഥനിപ്പള്ളികൾ സ്ഥാപിച്ചത് വട്ടിപ്പണക്കേസിന്റെ പശ്ചാത്തലത്തിലാണ്. ബഥനി സന്ന്യാസസമൂഹങ്ങളുടെ സ്ഥാപനലക്ഷ്യം സഭാനവീകരണവും മിഷണറിദൗത്യം ഏറ്റെടുക്കലുമായിരുന്നു. കേസിന്റെ ഏതാണ്ട് അവസാന കാലഘട്ടത്തിലാണ് എക്യൂമേനിക്കൽ ചിന്ത പ്രബലപ്പെട്ടത്. 1930-ഓടുകൂടി റോം പച്ചക്കൊടി കാട്ടി. കാതോലിക്കാസ്ഥാനം അംഗീകരിക്കുന്നതൊഴികെ മറ്റെല്ലാ ഡിമാന്റുകളും റോം അംഗീകരിക്കുന്ന നിലവന്നു. എന്നാൽ ഐക്യപ്പെടാൻ എത്ര പേരുണ്ടാകുമെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു.

കൂനൻകുരിശുസത്യം മുതൽ പൂർവപിതാക്കന്മാർ നൂറ്റാണ്ടുകളായി പരിശ്രമിച്ച് പരാജയപ്പെട്ട സഭൈക്യം ഭാഗികമായാണെങ്കിലും 1930-ൽ യാഥാർഥ്യമായി. ചർച്ചകൾക്ക് അനുവാദം നൽകിയ വട്ടശ്ശേരിൽ തിരുമേനിക്കും മറ്റ് പിതാക്കന്മാർക്കും അതിന്റെ നേട്ടം അവകാശപ്പെടാം. വട്ടശ്ശേരിൽ തിരുമേനിയുടെ അനുവാദം ഇല്ലാതിരുന്നെങ്കിൽ അന്നത്തെ പശ്ചാത്തലത്തിൽ മാർ ഈവാനിയോസ് തിരുമേനി ഈ ഐക്യചർച്ചയ്ക്ക് സെക്രട്ടറിയായി വർത്തിക്കുമോ എന്നത് ചിന്തനീയമാണ്.

മാർ ഈവാനിയോസ് പിതാവും ഒരു ദീർഘയാത്ര നടത്തി. 1932-ൽ അദ്ദേഹം റോമിൽ പോയി പതിനൊന്നാം പീയൂസ് മാർപാപ്പായെ നേരിൽ കണ്ട് ഉദ്ദേശിച്ച കാര്യങ്ങളൊക്കെ മാർപാപ്പായെ ബോധ്യപ്പെടുത്തി സാധിച്ചെടുത്തു. അന്നത്തെ റോമൻ പശ്ചാത്തലത്തിൽ ഇതൊരു മഹാനേട്ടം തന്നെയാണ്. ഒരു പുതിയ ഹയരാർക്കി അനുവദിപ്പിച്ചതും തിരുവനന്തപുരത്ത് ഒറ്റയാൾ പോലും ഇല്ലാതിരുന്ന അവസരം മെത്രാപ്പോലീത്തൻ ആസ്ഥാനം അവിടെ ആയിരിക്കണമെന്ന് തീരുമാനിച്ച് അത് അംഗീകരിപ്പിക്കാൻ കഴിഞ്ഞതും മഹാനേട്ടം തന്നെയാണ്.

കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ തിരുവനന്തപുരത്ത് ആസ്ഥാനം ആയതിനാൽ പലവിധ നേട്ടങ്ങൾ ഉണ്ടായി. നാലാഞ്ചിറക്കുന്ന് നിറയെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. നാടിനും നാട്ടാർക്കും നന്മ വർഷിച്ചുകൊണ്ട് ഈ സ്ഥാപനങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. കടുത്ത എതിർപ്പിന്റെ നടുവിലൂടെയാണ് മാർ ഈവാനിയോസ് പിതാവിന് കടന്നുപോകേണ്ടിയിരുന്നത്. എന്നാൽ ദൈവപരിപാലന അദ്ദേഹത്തെ വഴിനടത്തി. കാരണം സഭൈക്യം ദൈവികമാണ് എന്നതുതന്നെ. അതിനെ വളർത്തുന്നത് ദൈവമാണ്.

മാർ ഗ്രിഗോറിയോസ് പിതാവ് ജനഹൃദയങ്ങളിൽ ഇടം നേടിയ മഹാത്മാവാണ്. സിറിൽ മാർ ബസേലിയോസ് പിതാവിന്റെ പരിശ്രമം കൊണ്ടാണ് ഈ സഭയെ പാത്രിയാർക്കേറ്റിന് തുല്യമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്കുയർത്താൻ കഴിഞ്ഞത്. മാർ ഈവാനിയോസ് പിതാവ് റോമുമായുള്ള ചർച്ചകൾക്കിടയിൽ നിരന്തരം ആവശ്യപ്പെട്ടിരുന്ന കാതോലിക്കാസ്ഥാനം അതോടൊപ്പം കൈവന്നു. മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായെ പരിശുദ്ധപിതാവ് ബനഡിക്ട് മാർപാപ്പാ കർദിനാൾ ആയി ഉയർത്തിയതോടുകൂടി റോമൻ സഭാഭരണത്തിലും മലങ്കര കത്തോലിക്കാസഭയ്ക്ക് പ്രാധിനിധ്യം ഉണ്ടായി. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ പേപ്പൽ തെരഞ്ഞെടുപ്പിൽ അദ്ദേഹം പങ്കെടുത്തു. ഈ അടുത്ത കാലത്ത് ഭാരതം മുഴുവൻ അജപാലനാധികാരം അദ്ദേഹം സമ്പാദിച്ചു. ഇതും മാർ ഈവാനിയോസ് പിതാവിന്റെ നിരന്തരാവശ്യമായിരുന്നു. അതും മാർ ക്ലീമീസ് കാതോലിക്കാബാവാ ദൈവികപരിപാലനയിൽ യാഥാർത്ഥ്യമാക്കി. ഇന്ന് ഭാരതത്തിൽ എവിടെയും മറ്റ് സഭാധ്യക്ഷന്മാരുടെ അനുവാദം കൂടാതെ സുവിശേഷസന്ദേശം പ്രചരിപ്പിക്കാൻ മലങ്കര കത്തോലിക്കാസഭയ്ക്ക് സാധിക്കും. മാർതോമാ നസ്രാണി സഭയുടെ മെത്രാപ്പോലീത്താമാരുടെ സ്ഥാനസംജ്ഞയായ “ഇൻഡ്യാ മുഴുവന്റെയും മെത്രാപ്പോലീത്താ“ എന്ന നാമവും കത്തോലിക്കാ കൂട്ടായ്മയിൽ ഈ സഭയ്ക്ക് ലഭിച്ചിരിക്കുന്നു.

ഇതെല്ലാം ദൈവികപദ്ധതിയായി കണക്കാക്കേണ്ടിയിരിക്കുന്നു. മാർ ഈവാനിയോസ് പിതാവ് ഒരനുഗൃഹീത ഉപകരണം മാത്രമായിരുന്നു. സഭൈക്യം പരിശുദ്ധാത്മ പ്രവർത്തനമാണ്. ഈ കഴിഞ്ഞ നൂറ്റാണ്ടിൽ വിജയമകുകടം ചൂടിയ ഏക സഭൈക്യപ്രസ്ഥാനം ഇതു മാത്രമാണ്. ഇപ്പോഴും നിരവധി സഭൈക്യചർച്ചകൾ നടക്കുന്നെങ്കിലും ഒന്നും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. മാർ ഈവാനിയോസ് പിതാവ് ചെയ്തത് ഒരു ദൈവികപ്രവർത്തനമായിരുന്നതിനാൽ ഇതിനെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഈ ഐക്യം യാഥാർത്ഥ്യമായി കാണാൻ ആഗ്രഹിച്ച പൂർവപിതാക്കന്മാരോടൊപ്പം നമുക്ക് ദൈവത്തിന് നന്ദി പറയാം. ദൈവം ആഗ്രഹിക്കുന്ന രീതിയിൽ മാർതോമാ നസ്രാണികൾ എല്ലാവരുടെയും പുനരൈക്യം യാഥാർത്ഥ്യമാകാൻ പ്രാർഥിക്കുകയും ചെയ്യാം.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ